ഓർമ്മക്കുറിപ്പ്-1

"ഭരണഭാഷ - മാതൃഭാഷ"

നം. ICDS A1/16577/19

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
ഫോൺ: 0471-2346508
ഇ.മെയിൽ : swdicds@gmail.com
തീയതി: 18-03-2020

വനിത ശിശു വികസന ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

മാഡം,

വിഷയം : വനിത ശിശു വികസന വകുപ്പ് - അങ്കണവാടി സർവ്വീസസ് (ജനറൽ) - അങ്കണവാടികളിൽ ഫർണിച്ചറും ഉപകരണങ്ങളും വാങ്ങുന്നത് - സംബന്ധിച്ച്.

സൂചന : 1. ഈ കാര്യാലയത്തിൽ നിന്നുള്ള 09.08.2019 തീയതിയിലെ ഇതേ നമ്പർ കത്ത്.

2. 13.02.2020 തീയതിയിലെ ഇതേ നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 6623 അങ്കണവാടികൾക്ക് 10,000/- രൂപ വീതവും, 26 മിനി അങ്കണവാടികൾക്ക് 7,000/- രൂപ വീതവും ചെലവഴിച്ച് ഫർണീച്ചർ/ഉപകരണങ്ങൾ വാങ്ങുന്നതിന് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചതിനെ തുടർന്ന് സ്വന്തമായി കെട്ടിടം ഉള്ളതും, അവയിൽ ഫർണീച്ചർ/ഉപകരണങ്ങൾ ആവശ്യമുള്ളതുമായ അങ്കണവാടി/മിനി അങ്കണവാടികളുടെ വിവരം സൂചന(1) പ്രകാരം എല്ലാ പ്രോഗ്രാം ഓഫീസർമാരിൽ നിന്നും ശേഖരിച്ചിരുന്നു. എന്നാൽ പ്രോഗ്രാം ഓഫീസർമാർ ലഭ്യമാക്കിയ റിപ്പോർട്ടിൽ കൊല്ലം, ഇടുക്കി, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ ജില്ലകളിൽ നിന്നുമായി ആകെ 663 അങ്കണവാടികളുടെ എണ്ണത്തിൽ കുറവ് വന്നതിന്റെ അടിസ്ഥാനത്തിൽ ടി കുറവ്

പരിഹരിക്കുന്നതിനായി താങ്കൾ ഫർണ്ണീച്ചർ/ഉപകരണങ്ങൾ വാങ്ങുന്നതിന് ഈ കാര്യാലയത്തിൽ സമർപ്പിച്ച ലിസ്റ്റിലെ അങ്കണവാടികളുടെ എണ്ണത്തിനു പുറമേ അധികമായി ആവശ്യമുണ്ടെങ്കിൽ പ്രസ്തുത അങ്കണവാടികളുടെ വിവരം അറിയിക്കുന്നതിന് സൂചന(2) പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ലാതാണ്. പ്രസ്തുത വിവരം അടിയന്തിരമായി സമർപ്പിക്കണമെന്ന് നിർദേശിക്കുന്നു. ഫർണ്ണീച്ചർ/ഉപകരണങ്ങൾ ആവശ്യമില്ലയെങ്കിൽ ടി വിവരവും അടിയന്തിരമായി അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി